"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മുൻകാല ദേശീയ കായികതാരവും കായിക മത്സരത്തിനിടെ പരിക്ക് പറ്റി കായികരംഗത്ത് നിന്നും പൂർണമായും വിട്ടുനിൽക്കേണ്ടി വന്നതുമായ ശ്രീമതി നിഷ ജോൺ-ന് പൊതുമരാമത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സർവീസസ് - ഡി) വകുപ്പ്**

സ.ഉ.(കൈ) നം.30/2026/GAD    തീയതി,തിരുവനന്തപുരം, 12-03-2026

---

പരാമർശം:- 1. 23/12/2023 ലെ സ.ഉ.(അച്ചടി) നം. 35/2023/ജിഎഡി.

2. ശ്രീമതി നിഷ ജോൺ, കിഴക്കെ പുരയ്ക്കൽ, കുട്ടാപറമ്പ് പി.ഒ, പൂവൻചാൽ, ആലക്കോട് വഴി, കണ്ണൂർ. 670571 03/10/2025 ൽ സമർപ്പിച്ച നിവേദനം.

3. കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ സെക്രട്ടറിയുടെ 03/01/2026 ലെ കെ.എസ്.എസ്.സി/1849/2025-ജി1 നമ്പർ കത്ത്.

4. 06/03/2026 ലെ സ.ഉ.(അച്ചടി) നം. 6/2026/ജിഎഡി.

**ഉത്തരവ്**

1997 – 2003 കാലയളവിലെ ദേശീയ ജൂനിയർ കായികതാരവും, കായിക മത്സരത്തിനിടെ പരിക്ക് പറ്റി കായികരംഗത്ത് നിന്നും പൂർണമായും വിട്ടുനിൽക്കേണ്ടി വന്നതുമായ ശ്രീമതി നിഷ ജോൺ കായികരംഗത്തെ തന്റെ നേട്ടങ്ങളും പരിക്ക് കാരണം കായിക രംഗത്ത് നിന്നും വിടുതൽ ചെയ്യേണ്ടി വന്നതുമായ സാഹചര്യവും പരിഗണിച്ച് സർക്കാർ സർവ്വീസിൽ നിയമനം നൽകണമെന്നഭ്യർത്ഥിച്ച് പരാമർശം (2) പ്രകാരം നിവേദനം സമർപ്പിച്ചിരുന്നു.

**2.** സംസ്ഥാന - ദേശീയ ജൂനിയർ മീറ്റുകളിലും ആൾ ഇന്ത്യ ഇന്റർ യൂണിവേഴ്സിറ്റി ചാമ്പ്യൻഷിപ്പിലും മെഡൽ നേടിയിട്ടുള്ള ശ്രീമതി നിഷ ജോൺ, 2000-ൽ സേലത്ത് വെച്ച് നടന്ന ദേശീയ ജൂനിയർ മീറ്റിൽ ലോംഗ് ജംപിൽ മത്സരിക്കുന്നതിനിടെ കാൽമുട്ടിലെ ലിഗമെന്റിൽ ഗുരുതരമായി പരിക്കേൽക്കുകയും, തുടർന്ന് ടിയാളുടെ കായികമത്സരങ്ങളിൽ ഏർപ്പെടാനുള്ള കഴിവിനെ സാരമായി ബാധിക്കുകയും, 2004 മുതൽ ഓട്ടം, ലോംഗ്ജംപ് എന്നിവയിൽ നിന്നും പൂർണമായും വിട്ടുനിൽക്കാൻ നിർബന്ധിതയായെന്നും, ഭാവിയിൽ മറ്റ് കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയില്ലെന്ന് മെഡിക്കൽ ബോർഡ്

സാക്ഷ്യപ്പെടുത്തിയിട്ടുള്ളതായും പരാമർശം (3) പ്രകാരം കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**3.** മികച്ച കായികതാരങ്ങൾക്ക് പബ്ലിക് സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതിയിലെ മാനദണ്ഡങ്ങൾ പ്രകാരം പ്രതിവർഷം രണ്ട് ഒഴിവുകൾ വീതം വിഭിന്നശേഷിയുള്ള കായികതാരങ്ങൾക്ക് വേണ്ടി നീക്കിവെച്ചിട്ടുള്ളതാണ്. പ്രസ്തുത ഒഴിവുകളിൽ വിഭിന്നശേഷിയുള്ള കായികതാരങ്ങളുടെ അഭാവത്തിൽ, ജൂനിയർ വിഭാഗത്തിലും മറ്റും ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കുകയും പരിക്ക് കാരണം കായികരംഗത്ത് നിന്ന് പിന്മാറേണ്ടി വരികയും ചെയ്തവരെ, മെഡിക്കൽ ബോർഡിന്റെ ശിപാർശയുടെയും, കായിക പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടായ പരിക്ക് നിമിത്തം കായികരംഗത്ത് നിന്നും വിടുതൽ ചെയ്യേണ്ടി വന്നു എന്ന മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ നിയമനത്തിന് പരിഗണിക്കുന്നതാണെന്ന് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്.

**4.** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. **1997 – 2003** കാലയളവിലെ ദേശീയ ജൂനിയർ കായികതാരവും, കായിക മത്സരത്തിനിടെ പരിക്ക് പറ്റി കായികരംഗത്ത് നിന്നും പൂർണമായും വിട്ടുനിൽക്കേണ്ടി വന്നതുമായ ശ്രീമതി നിഷ ജോൺ, കിഴക്കെ പുരയ്ക്കൽ, കുട്ടാപറമ്പ് പി.ഒ, പൂവൻചാൽ, ആലക്കോട് വഴി, കണ്ണൂർ. **670571**-ന്, ടിയാളുടെ പരാമർശം (2) നിവേദനവും, കായികരംഗത്തെ നേട്ടങ്ങളും ഒരു പ്രത്യേക കേസായി പരിഗണിച്ച്, **2010 - 2014** കാലയളവിലെ സ്പോർട്സ് ക്വാട്ട നിയമനങ്ങളിൽ വിഭിന്നശേഷിയുള്ള കായികതാരങ്ങളുടെ വിഭാഗത്തിൽ അർഹരായ അപേക്ഷകരില്ലാത്തതിനാൽ നികത്തപ്പെടാതെ ശേഷിക്കുന്ന ഒഴിവിൽ ഉൾപ്പെടുത്തി, പൊതുമരാമത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ (**₹ 26,500 - 60700/-** ശമ്പളസ്കെയിലിൽ) നിയമനം നൽകുന്നതിന് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് (ഭരണം) അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**5.** ശ്രീമതി നിഷ ജോൺ-ന്റെ നിയമനം പരാമർശം (4) ഉത്തരവിലെ അപ്പെന്റിക്സിലെ ഖണ്ഡിക (13), (14) എന്നിവയിലെ ചുവടെ ചേർത്തിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായിരിക്കും.

*"**(13)** The Rules in the Kerala State and Subordinate Service Rules, 1958 and the Special Rules in regard to age, probation etc., shall apply to the sports persons appointed under the scheme but the rules regarding reservation of appointments shall not apply.*

***(14)** Rules regarding verification of character and antecedents shall apply in the case of candidates appointed under the scheme. The candidates allotted for appointment under the scheme shall be initially appointed temporarily under General Rules 9(a) (I) of part II of the Kerala State and Subordinate Service Rules, 1958 and regularized later after their character and antecedents have been verified and found to be satisfactory."*

**6.** പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ (ഭരണം) ശ്രീമതി നിഷ

ജോൺ-ന് ക്ലാർക്ക് തസ്തികയിൽ നിലവിലുള്ളതോ ആദ്യം ഉണ്ടാകുന്നതോ ആയ റെഗുലർ ഒഴിവിൽ നിയമനം നൽകേണ്ടതാണ്. ടിയാളെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരമുള്ള നിയമനങ്ങൾക്ക് അനുവർത്തിക്കുന്നതുപോലെ സർട്ടിഫിക്കറ്റുകൾ / രേഖകൾ നിയമനാധികാരി പരിശോധിക്കേണ്ടതാണ്. ഈ ഉത്തരവ് നടപ്പിലാക്കിയ വിവരവും ശ്രീമതി നിഷ ജോൺ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ജോലിയിൽ പ്രവേശിച്ചില്ലായെങ്കിൽ പ്രസ്തുത വിവരവും ചീഫ് എഞ്ചിനീയർ (ഭരണം) യഥാസമയം സർക്കാരിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**7.** തുടർ പരിശോധനയിൽ ഈ ഉത്തരവ് തെറ്റായാണ് പുറപ്പെടുവിച്ചതെന്ന് കണ്ടെത്തിയാൽ ഉത്തരവ് റദ്ദാക്കുന്നതിനോ ഭേദഗതി ചെയ്യുന്നതിനോ സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കെ ബിജു ഐ എ എസ്**

**സെക്രട്ടറി**

1. ശ്രീമതി നിഷ ജോൺ, കിഴക്കെ പുരയ്ക്കൽ, കുട്ടാപറമ്പ് പി.ഒ, പൂവൻചാൽ, ആലക്കോട് വഴി, കണ്ണൂർ. **670571. (Through Speed Post with Acknowledgement)**
2. ചീഫ് എഞ്ചിനീയർ (ഭരണം), പൊതുമരാമത്ത് വകുപ്പ്, പബ്ലിക് ഓഫീസ് കോംപ്ലക്സ്, മ്യൂസിയം പി.ഒ., തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
5. സെക്രട്ടറി, കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ, തിരുവനന്തപുരം.
6. പൊതുഭരണ (എസ്.സി) വകുപ്പ്. (**10/03/2026** ലെ ഇനം നം. **3883** പ്രകാരം)
7. പൊതുമരാമത്ത് (ബി) വകുപ്പ്.
8. ഐ & പി ആർ ഡി (വെബ് & ന്യൂ മീഡിയ) വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
9. കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (എസ്ഡി**1/186/2025/**ജിഎഡി)

*ഉത്തരവിൻ പ്രകാരം*

Signed by
Aneesh Basheer
Date: 12-03-2026 16:39:58

*സെക്ഷൻ ഓഫീസർ*

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 10-03-2026**

ഫയൽ നം. എസ്.ഡി.1/186/2025/ജിഎഡി. ഇനം നം: 3883

വിഷയം : പൊതുഭരണ വകുപ്പ് - മുൻകാല ദേശീയ കായികതാരവും പരിക്ക് കാരണം കായികരംഗത്ത് നിന്നും പൂർണ്ണമായും പിന്മാറുകയും ചെയ്യേണ്ടി വന്ന കായികതാരമായ ശ്രീമതി. നിഷാ ജോൺ-ന് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, പൊതുഭരണ വകുപ്പ്.

S/n
11/03/26
1.30 pm.

3483

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നം. | : | എസ്.ഡി.1/186/2025-ജിഎഡി |
| 2 | വകുപ്പ് | : | പൊതുഭരണ (സർവീസസ്-ഡി) വകുപ്പ് |
| 3 | വിഷയം | : | മുൻകാല ദേശീയ കായികതാരവും പരിക്ക് കാരണം കായികരംഗത്ത് നിന്നും പൂർണ്ണമായും പിന്മാറുകയും ചെയ്യേണ്ടി വന്ന കായികതാരമായ ശ്രീമതി നിഷാ ജോൺ-ന് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 26/02/2026 |
| 5 | i. ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അല്ല |
| | ii. സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. സുധ ബി. |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ. ബിജു |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 09/03/2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 09/03/2026 |
| 12 | കുറിപ്പ് അംഗീകരിച്ച മുഖ്യമന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മുഖ്യമന്ത്രി അംഗീകരിച്ച തീയതി | : | 09/03/2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 09/03/2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

മുൻകാല ദേശീയ കായികതാരവും പരിക്ക് കാരണം കായികരംഗത്ത് നിന്നും പൂർണ്ണമായും പിന്മാറുകയും ചെയ്യേണ്ടി വന്ന കായികതാരമായ ശ്രീമതി നിഷാ ജോൺ-ന് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പിലെ വിഷയം.

2.) തന്റെ കായികനേട്ടങ്ങളും ജീവിത സാഹചര്യവും പ്രത്യേക കേസായി പരിഗണിച്ച് സർക്കാർ സർവ്വീസിൽ നിയമനം നൽകണമെന്നഭ്യർത്ഥിച്ച് ശ്രീമതി നിഷാ ജോൺ, കിഴക്കേപുരയ്ക്കൽ, കുട്ടാപ്പറമ്പ് പി.ഒ., പൂവഞ്ചാൽ, കണ്ണൂർ ബഹു. മുഖ്യമന്ത്രി മുമ്പാകെ ഒരു നിവേദനം സമർപ്പിച്ചിരുന്നു. 1997 - 2004 കാലഘട്ടത്തിലെ ഒരു ദേശീയ കായികതാരമായിരുന്ന അപേക്ഷക കേരളത്തെയും കണ്ണൂർ സർവ്വകലാശാലയെയും ദേശീയ തലത്തിൽ പ്രതിനിധീകരിച്ചിട്ടുണ്ട്. 2000-ൽ സേലത്ത് വെച്ച് നടന്ന ദേശീയ ജൂനിയർ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കവേ ഗുരുതരമായി പരിക്കേറ്റതായി അറിയിച്ചിട്ടുണ്ട്. ശസ്ത്രക്രിയയ്ക്ക് വിധേയയായി എങ്കിലും പരിക്ക് വഷളാകുകയും 2004 മുതൽ പൂർണമായും കായികരംഗത്ത് നിന്നും വിട്ടുനിൽക്കേണ്ടി വരികയും ചെയ്തിരുന്നു. പ്രായമായ അമ്മയും മകനുമൊപ്പം വാടക വീട്ടിൽ താമസിക്കുന്നതിന്റെയും സഹായത്തിന് പിതാവോ ഭർത്താവോ ഇല്ലാത്തതിന്റെയും, പരിക്ക് കാരണം കായിക പ്രവർത്തനങ്ങളിൽ നിന്ന് വിടുതൽ ചെയ്യേണ്ടി വന്നതിന്റെയും സാഹചര്യങ്ങൾ പരിഗണിച്ച് നിയമനം നൽകണമെന്നാണ് അപേക്ഷക അഭ്യർത്ഥിച്ചിട്ടുള്ളത്.

3.) നിലവിൽ പിന്തുടർന്നുവരുന്ന മാനദണ്ഡങ്ങൾ പ്രകാരം കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നത് സർക്കാർ കാലാകലങ്ങളിൽ വിജ്ഞാപനം പുറപ്പെടുവിച്ച് അർഹരായ കായികതാരങ്ങളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചാണ്. കൂടാതെ മികച്ച കായികനേട്ടങ്ങളുള്ളവരെ പ്രത്യേക കേസായി പരിഗണിച്ച് മന്ത്രിസഭായോഗ തീരുമാനങ്ങളുടെ അടിസ്ഥാനത്തിലും നിയമനങ്ങൾ നൽകാറുണ്ട്.

4.) 23/12/2023 ലെ സ.ഉ.(അച്ചടി) നം. 35/2023/ജിഎഡി പ്രകാരം വിഭിന്നശേഷിയുള്ള കായികതാരങ്ങളുടെ അഭാവത്തിൽ ജൂനിയർതലത്തിലും മറ്റും ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കുകയും പരിക്ക്മൂലം കായികരംഗത്ത് നിന്നും

വിടുതൽ ചെയ്യേണ്ടി വന്നതുമായ കായികതാരങ്ങളെ മെഡിക്കൽ ബോർഡിന്റെ ശിപാർശയുടെയും കായികപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പരിക്ക് കാരണമാണ് വിടുതൽ ചെയ്യേണ്ടി വന്നതെന്ന സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ നിയമനത്തിന് പരിഗണിക്കുന്നതാണെന്ന് ഉത്തരവായിട്ടുണ്ട്.

5.) കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ട് പ്രകാരം 2000-ൽ സേലത്ത് വെച്ച് നടന്ന നാഷണൽ ജൂനിയർ മീറ്റിൽ ലോംഗ് ജമ്പിൽ പങ്കെടുക്കവെ അപേക്ഷകയ്ക്ക് ഗുരുതരമായി പരിക്കേൽക്കുകയുണ്ടായി. ടിയാളെ മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ശസ്ത്രക്രിയയ്ക്ക് വിധേയയാക്കുകയും ചെയ്തു. അപേക്ഷക കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ സ്കീമിൽ അഫിലിയേറ്റ് ചെയ്തിരുന്ന കായികതാരമായതിനാൽ ചികിത്സാ ചിലവുകൾ വഹിച്ചത് സ്പോർട്സ് കൗൺസിലാണ്. 2000-ൽ ഉണ്ടായ ഈ പരിക്കിനെ തുടർന്ന് 2004 മുതൽ കായികരംഗത്ത് നിന്നും പൂർണമായും വിട്ടുനിൽക്കേണ്ടി വന്നു. ഭാവിയിൽ യാതൊരുവിധ കായികപ്രവർത്തനങ്ങളിലും പങ്കെടുക്കാൻ സാധിക്കില്ലെന്ന് മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തിയതായും റിപോർട്ട് ചെയ്തിട്ടുണ്ട്. സ്പോർട്സ് കൗൺസിലിന്റെ റിപ്പോർട്ട് പ്രകാരം അപേക്ഷകയുടെ പ്രധാന കായികനേട്ടങ്ങൾ ചുവടെ ചേർക്കുന്നവയാണ്.

| YEAR | MEET | CATEGORY | EVENT | POSITION |
|---|---|---|---|---|
| 2003 | All India Inter University | Senior Women | 4x100 Relay | Second |
| 1999 | 14th Junior National Athletic Meet | Under 16 | 4x100 Relay | First (Meet Record) |
| 1999 | 14th Junior National Athletic Meet | Under 16 | Long Jump | Third |
| 1998 | 10th Junior National Athletic Meet | Under 16 | Long Jump 4x100 Relay | First |

| | | | | |
|---|---|---|---|---|
| 1998 | 10th South Zone Athletic Meet | Under 16 | Long Jump | First |
| 1998 | 10th South Zone Athletic Meet | Under 18 | Long Jump | Third |
| 2000 | 15th Junior National Athletic Meet | Under 18 | Long Jump | Fifth |
| 1999 | 43rd State Junior Athletic Meet | Under 18 | Long Jump | First (Meet Record) |
| 1997 | 53rd National School Games | Under 17 | Volleyball | Fourth |

6.) ശ്രീമതി നിഷാ ജോണിന്റെ സീനിയർ തലത്തിലുള്ള ഒരേയൊരു നേട്ടം 2003 ലെ ആൾ ഇന്ത്യ ഇന്റർ യൂണിവേഴ്സിറ്റി ചാമ്പ്യൻഷിപ്പിൽ നേടിയ വെള്ളിമെഡലാണ്. മറ്റ് നേട്ടങ്ങളെല്ലാം തന്നെ ജൂനിയർതലത്തിലുള്ളതാണ്. ടിയാളുടെ കായികനേട്ടം 2003 ലേതായതിനാൽ ടിയാൾക്ക് ഭാവിയിലെ സ്പോർട്സ് ക്വാട്ട നിയമനങ്ങൾക്ക് അപേക്ഷിക്കാൻ സാധിക്കില്ല.

7.) തുടർന്ന് ഈ വിഷയത്തിൽ തുടർ ഉത്തരവുകൾക്കായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തിരുന്നു. പരിക്കുപറ്റിയ കായികതാരങ്ങൾക്ക് പ്രത്യേക പരിഗണനയിൽ നേരത്തെയും ജോലി നൽകിയിട്ടുള്ളതിനാൽ അപേക്ഷകയ്ക്ക് പ്രത്യേക പരിഗണനയിൽ ജോലി നൽകാവുന്നതാണെന്ന് ബഹു. കായിക വകുപ്പ് മന്ത്രി അഭിപ്രായപ്പെട്ടിട്ടുണ്ട്. തുടർന്ന് ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

8.) സ്പോർട്സ് ക്വാട്ട നിയമനത്തിനായി നീക്കിവെച്ചിരിക്കുന്ന മുഴുവൻ ഒഴിവുകളും നികത്തുന്നതിനായി കായികതാരങ്ങൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഒഴിവുകൾ അതേ വിജ്ഞാപനത്തിലെ തന്നെ തൊട്ടടുത്ത വർഷങ്ങളിലേക്ക് കൂട്ടിച്ചേർക്കാവുന്നതാണെന്ന് 11/09/2023 ലെ സ.ഉ.(കൈ) നം. 144/2023/ജിഎഡി ഉത്തരവിലെ ആറാം ഖണ്ഡിക പ്രകാരം സർക്കാർ തീരുമാനിച്ചിട്ടുണ്ട്. 2010 മുതൽ 2014 വരെയുള്ള വർഷങ്ങളിൽ വിഭിന്നശേഷിയുള്ള കായികതാരങ്ങളുടെ വിഭാഗത്തിൽ 10 ഒഴിവുകളാണ് നീക്കിവെച്ചിരുന്നത്. 10/02/2020 ലെ സ.ഉ.(കൈ) നം. 20/202/ജിഎഡി പ്രകാരം ഈ വിഭാഗത്തിൽ നാല് കായികതാരങ്ങളെ മാത്രമാണ് നിയമിച്ചിട്ടുള്ളത്. അഹരായ അപേക്ഷകരില്ലാത്തതിനാൽ ശേഷിക്കുന്ന ഒഴിവുകൾ നാളിതുവരെ

നികത്തിയിട്ടില്ല. ഈ ഒഴിവുകൾ 2015 - 2019 വർഷങ്ങളിലേക്ക് കൂട്ടിച്ചേർക്കുകയും ചെയ്തിട്ടില്ല.

9.) അപേക്ഷകയ്ക്ക് എസ്.എസ്.എൽ.സി യോഗ്യതയുള്ളതിനാൽ ഏതെങ്കിലും വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിക്കാൻ ടിയാൾക്ക് അർഹതയുണ്ട്. അതിനാൽ ടിയാളെ പൊതുമരാമാത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിലവിലുള്ളതോ അടുത്തുണ്ടാകുന്നതോ ആയ ഒഴിവിൽ നിയമിക്കാവുന്നതാണ്. ടിയാളുടെ നിയമനം 23/12/2023 ലെ സ.ഉ.(അച്ചടി) നം. 35/2023/ജിഎഡി ഉത്തരവിലെ വ്യവസ്ഥകൾക്കനുസരിച്ച് 2010 - 2014 കാലയളവിൽ വിഭിന്നശേഷിയുള്ള കായികതാരങ്ങൾക്കായി നീക്കിവെച്ചതിൽ നികത്തപ്പെടാത്ത ആറ് ഒഴിവുകളിലൊന്നിൽ ഉൾപ്പെടുത്താവുന്നതാണ്.

## <u>തീരുമാനിക്കേണ്ട വിഷയം</u>

മുൻകാല ദേശീയതല കായികതാരവും, പരിക്ക് മൂലം കായികരംഗത്ത് നിന്നും പൂർണ്ണമായും വിട്ടുനിൽക്കേണ്ടി വന്നതുമായ കായികതാരമായ ശ്രീമതി നിഷാ ജോൺ-ന്, ടിയാളുടെ നിവേദനം ഒരു പ്രത്യേക കേസായി പരിഗണിച്ച്, 2010 - 2014 കാലയളവിൽ വിഭിന്നശേഷിയുള്ള കായികതാരങ്ങൾക്കായി നീക്കിവെച്ചതിൽ നികത്തപ്പെടാത്ത ആറ് ഒഴിവുകളിലൊന്നിൽ ഉൾപ്പെടുത്തി, പൊതുമരാമത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിലവിലുള്ളതോ അടുത്തുണ്ടാകുന്നതോ ആയ ഒഴിവിൽ നിയമിക്കുന്നതിന് അനുമതി നൽകാവുന്നതാണോ ?